# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2076 — 05.05.2017-ൽ മറുപടിയ്ക്ക്

**കലാഭവൻമണിയുടെ പേരിൽ പഠന പരിശീലന കേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| നാടൻപാട്ട് എന്ന കലാരൂപത്തെ ഏറ്റവും ജനകീയമാക്കി മാറ്റിയ കലാഭവൻ മണിയുടെ പേരിൽ നാടൻപാട്ടിനായി ഒരു പഠന പരിശീലന, ഗവേഷണകേന്ദ്രം/അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കേരള ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രമായി ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതിന്, കേരള ഫോക്‌ലോർ അക്കാദമിക്ക് 2016-2017 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാംസ്കാരിക വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എങ്കിലും സ്മാരക നിർമ്മാണത്തിനാവശ്യമായ സ്ഥലവും ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത സ്മാരകത്തിൽ നാടൻപാട്ടുകളുടെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി ഒരു ഉപകേന്ദ്രവും ഈ ഉപകേന്ദ്രത്തോട് ചേർന്ന് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലെയും നാടൻ സംഗീത ഉപകരണങ്ങളുടെ ഒരു മ്യൂസിയവും നാടൻപാട്ടുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനാവശ്യമായ സ്റ്റുഡിയോയും (ഒരു സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ), ഡിജിറ്റൽ ആർക്കൈവ്സ് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി കേരള ഫോക്‌ലോർ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്. ചാലക്കുടിയിൽ കലാഭവൻമണി സ്മാരകം സ്ഥാപിക്കുന്നതു മായി ബന്ധപ്പെട്ട് സ്മാരകത്തിനായുള്ള സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുവാൻ, കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ